**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 843** **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗക്കാരിൽ നിന്നും യൂണിഫോംഡ് ഫോഴ്സിലേക്ക് പ്രത്യേക റിക്രൂട്ട്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗക്കാരിൽ നിന്നും യൂണിഫോംഡ് ഫോഴ്സിലേക്ക് പ്രത്യേക റിക്രൂട്ട്മെന്റ് പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പട്ടികവർഗ്ഗക്കാരിൽ നിന്നും യൂണിഫോംഡ് ഫോഴ്സിലേക്ക് പ്രത്യേക റിക്രൂട്ട്മെന്റ് നിലവിൽ ആഭ്യന്തര വകുപ്പിന്റെ പരിഗണനയിൽ ഇല്ല.<br>വനം വകുപ്പിൽ 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്കും, 700 ഫോറസ്റ്റ് വാച്ചർ (എസ്.ആർ) തസ്തികയിലേക്കും സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നൽകി വരുന്നുണ്ട്. |
| (ബി) | യൂണിഫോംഡ് ഫോഴ്സുകളിലേക്ക് ഇതുവരെ എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാരെ പ്രത്യേക റിക്രൂട്ട്മെന്റിലൂടെ നിയമിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | (ബി) | ഓരോ വർഷവും പോലീസ് വകുപ്പിലെ പട്ടികജാതി, പട്ടിക വർഗ്ഗ ജീവനക്കാരുടെ പ്രാതിനിധ്യം സർക്കാർ തലത്തിൽ പരിശോധിച്ച് മതിയായ പ്രതിനിധ്യം ഇല്ലാത്ത സാഹചര്യത്തിൽ ആണ് ഒഴിവുകൾ റിസർവ് ചെയ്ത് പ്രത്യേക നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) വഴി ടി വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നത്. അത്തരത്തിൽ വാർഷിക അവലോകനം നടത്തിയതിൽ വകുപ്പിൽ ഗസറ്റഡ്/ നോൺ ഗസ്റ്റഡ് തസ്തികകളിൽ പട്ടിക ജാതി/പട്ടിക വർഗ്ഗക്കാരുടെ പ്രാതിനിധ്യത്തിൽ കുറവ് കണ്ടെത്തിയതിനാൽ, G.O(Rt)No.6910/94/GAD തീയതി. 24.08.1994, G.O.(Ms) 152/2017 GAD തീയതി. 25.04.2017, G.O (Ms) No.102/2021 GAD തീയതി. 05.05.2021 പ്രകാരം ഗസ്റ്റഡ്/നോൺ ഗസറ്റഡ് വിഭാഗത്തിലായി ആകെ 555 ഒഴിവുകൾ റിസർവ് ചെയ്യുകയും ആയതിൽ പൊലീസ് സേനയിലേക്ക് (Uniformed Force) ഗസ്റ്റഡ്/ നോൺ ഗസറ്റഡ് വിഭാഗത്തിലായി ആകെ 525 ഒഴിവുകൾ റിസർവ് ചെയ്തിട്ടുള്ളതുമാണ്. ആയതിൽ ആകെ 516 നിയമന ശിപാർശ നൽകിയിട്ടുള്ളതുമാണ്. ടി നിയമന ശിപാർശകളിന്മേൽ ഇതുവരെ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ എണ്ണം 393 ആണ്. |

| | | | |
|---|---|---|---|
| | | | മേൽ സൂചിപ്പിച്ചതു കൂടാതെ 07/06/2016 – ലെ സ.ഉ(കൈ)നം. 183/2016/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം വയനാട്, മലപ്പുറം, പാലക്കാട് ജില്ലകൾക്ക വേണ്ടി 75 പോലീസ് കോൺസ്റ്റബിൾ തസ്തികകളും (54 പുരുഷ പോലീസ് കോൺസ്റ്റബിൾ തസ്തികകളും, 21 വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികകളും) ട്രൈബൽ (എസ്.ടി) വിഭാഗത്തിൽനിന്നും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ 30/08/2019 ലെ സ.ഉ(കൈ)നം. 131/2019/ ആഭ്യന്തരം, 18/02/2020-ലെ സ.ഉ(കൈ)നം. 47/2020/ആഭ്യന്തരം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം വയനാട്, മലപ്പുറം, പാലക്കാട് ജില്ലകൾക്ക വേണ്ടി 125 പോലീസ് കോൺസ്റ്റബിൾ തസ്തികകളും (90 പുരുഷ പോലീസ് കോൺസ്റ്റബിൾ തസ്തികകളും, 35 വനിതാ പോലീസ് കോൺസ്റ്റബിൾ തസ്തികകളും) ട്രൈബൽ വിഭാഗത്തിൽ നിന്നും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br><br>വനം വകുപ്പിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 814 പേർക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലും, 701 പേർക്ക് ഫോറസ്റ്റ് വാച്ചർ തസ്തികയിലും ഉൾപ്പെടെ ഇതുവരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 1515 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (സി) | ഇപ്രകാരം നിയമനം കിട്ടിയവരിൽ ജോലി ഉപേക്ഷിച്ച് പോയവരുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പോലീസ് വകുപ്പിൽ ASI തസ്തികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം ലഭിച്ചവരിൽ 3 പേർ മറ്റു ജോലി ലഭിച്ചതിനാൽ ASI തസ്തികയിലെ പരിശീലനം ഉപേക്ഷിച്ച് പോയിട്ടുള്ളതാണ്. സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് നിയമനം ലഭിച്ചവരിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും 22 പേരും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും 32പേരും ജോലി ഉപേക്ഷിച്ച് പോയിട്ടുണ്ട്. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയിൽ 2 പേർ നിയമനം ലഭിച്ച ശേഷം വേറെ ജോലി ലഭിച്ചതിനാൽ പ്രസ്തുത തസ്തികയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതാണ്.<br><br>വനം വകുപ്പിൽ ഇപ്രകാരം നിയമനം ലഭിച്ചവരിൽ 15 പേർ (ബീറ്റ് ഫോറസ്റ്റ് ഓഫീസർ) ജോലി ഉപേക്ഷിച്ച് പോയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ